ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 5 വർഷംകൊണ്ട് ഇനി 100 ബ്ലാക്കുകൾ തിരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. എങ്ങിനെയാണ് 100 തിരിക്കുന്നതെന്നു ചോദിച്ചാൽ ഓരോ വർഷവും 20 വീതം അനുവദിച്ചാൽ 5 കൊല്ലംകൊണ്ട് 100 ആകും. അല്ലെങ്കിൽ ഒരു വർഷം 30–ം, പിന്നെയുള്ള വർഷംകൊണ്ട് ബാക്കിയുള്ളതും തിരിക്കാം.

ശ്രീ. പി. കെ. യശോധരൻ: പഞ്ചവത്സരപദ്ധതി പൂർത്തിയാകുമ്പോൾ എല്ലാ ബ്ലാക്കുകളും പൂർത്തിയാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

പട്ടികജാതി.

* 531. [32] ശ്രീ. പി. എം. മാക്കോസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റ് ഏതെല്ലാം ജാതിക്കാരിൽനിന്നും എന്തടിസ്ഥാനത്തിന്മേലാണ് പട്ടികജാതിക്കാരെ തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ടി പട്ടികജാതിക്കാരെ പട്ടികജാതിക്കാരായി അംഗീകരിച്ചു അവസാന തീരുമാനം ചെയ്യുന്നതു സ്റ്റേറ്റ് ഗവണ്മെന്റാണോ; ഇൻഡ്യാഗവണ്മെന്റാണോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തീണ്ടൽ, തൊടീൽ മുതലായ സാമുദായിക അവശതകളും അനേകകാലമായി അനുഭവിച്ചുകൊണ്ടിരുന്ന ഹിന്ദുമതത്തിൽപ്പെട്ട ജാതിക്കാരെയാണ് പട്ടികജാതിക്കാരായി ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളതു്.

(ബി) മേൽപ്പടി ജാതിക്കാരെ പട്ടികജാതിക്കാരായി അംഗീകരിച്ചു് അവസാനതീരുമാനം ചെയ്യുന്നതു് ഇൻഡ്യാഗവണ്മെന്റാണു്.

ശ്രീ. പി. എം. മക്കോസ്: തീണ്ടൽ, തൊടീൽ മുതലായ സാമുദായിക അവശതകളും ഉള്ളവരെ പട്ടികജാതിക്കാരിൽ ഉൾപ്പെടുത്തുമ്പോൾ ക്രിസ്ത്യീയവിഭാഗത്തിൽ അതുപോലെ തീണ്ടലും തൊടിലും ഉള്ളവരുണ്ടെന്നു് ഗവണ്മെന്റിനു അറിയാൻ പാടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ക്രിസ്ത്യീയവിഭാഗത്തിൽ അങ്ങിനെ ഉള്ളതായി അറിവില്ല.

ശ്രീ. പി. എം. മക്കോസ്: പട്ടികജാതിയിൽപ്പെട്ട ഹിന്ദുക്കൾ തന്നെ പട്ടികജാതിയിൽപ്പെട്ട ചിലരെ തീണ്ടൽ, തൊടീൽ ഉള്ളവരായി കരുതുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പല ഡിഗ്രികളിലായി കുറെ അവശേഷിക്കുന്നുണ്ടു്.

ശ്രീ. പി. എം. മക്കോസ്: അവശസമുദായ ക്രിസ്ത്യാനികളെ പട്ടികജാതിയിൽ പെടുത്തണമെന്നു് നിവേദനം കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻപോറ്റി : തീണ്ടലും തൊടീലും കൂടാതെ സാമ്പത്തികമായ അവശതയും ഇതിൽ പെടുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രാധാന്യം തീണ്ടലിനും തൊടീലിനുമാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : തീണ്ടൽ, തൊടീൽ ഈ രാജ്യത്തുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിയമപ്രകാരം ഇല്ലെങ്കിലും അതെല്ലാം നമ്മുടെ രാജ്യത്ത് നിലവിലുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള : അപ്പോൾ നിയമപ്രകാരം ഈ രാജ്യത്ത് പട്ടികജാതിക്കാർ ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെങ്ങിനെ മനസ്സിലായി എന്ന് എനിക്ക് നിശ്ചയമില്ല.

ശ്രീ. ടി. എ. മജീദ് : പട്ടികജാതിക്കാരായി നിശ്ചയിക്കുന്നവരുടെ മാനദണ്ഡം തീണ്ടൽ, തൊടീലാണെന്ന് ബഹു: മന്ത്രി പറഞ്ഞു. തീണ്ടൽ, തൊടീൽ ഇപ്പോഴില്ലെങ്കിൽ പട്ടികജാതിക്കാർ ഇല്ലെന്നല്ലേ മനസ്സിലാക്കേണ്ടത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിയമപ്രകാരം നമ്മുടെ രാജ്യത്തു തീണ്ടൽ തൊടീൽ ഇല്ല. പക്ഷെ എല്ലായിടത്തും ആ അവശത തീരെ മാറി എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. എം. മക്കോസ് : തീണ്ടൽ, തൊടീൽ ഉള്ളവരെ എല്ലാം പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർക്കെല്ലാം തീണ്ടൽ, തൊടീൽ ഉണ്ട്.

പ്രൈമറിയും സെക്കണ്ടറിയും സ്കൂളുകൾ.

* 532. [33] ശ്രീ. കെ. കുഞ്ഞപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ വിദ്യാലയവർഷത്തിൽ എത്ര പുതിയ പ്രൈമറിയും, മിഡിലും, സെക്കണ്ടറിയും സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ; അവയിൽ ഗവണ്മെൻറ് സ്കൂളുകളെത്ര; മാനേജുമെൻറ് സ്കൂളുകളെത്ര; എവിടെയെല്ലാം;

(ബി) വിദ്യാഭ്യാസം ദേശസാൽക്കരിക്കാൻ ഈ ഗവണ്മെൻറിനുദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ നയമനുസരിച്ചാണോ ഇക്കൊല്ലത്തെ പുതിയ സ്കൂളുകൾ അനുവദിച്ചത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 46 പ്രൈമറിയും 60 മിഡിലും സ്കൂളും അനുവദിച്ചു. ഗവണ്മെൻറ് സ്കൂളുകൾ 15, മാനേജുമെൻറ് സ്കൂളുകൾ 91. † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Please See Appendix II.

LIBRARY ARCHIVES Kerala Legislative Assembly